# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2775 :** **12.10.2011 ൽ മറുപടിയ്ക്ക്**

### *ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) താനൂർ നിയോജകമണ്ഡലത്തിലെ *ചെറിയമുണ്ടം ഗവൺമെന്റ്* ഐ.ടി.ഐ. ഏതു വർഷമാണ് പ്രവർത്തനമാരംഭിച്ചത് ; | (എ) 2010 ട്രെയിനിംഗ് വർഷമാണ് പ്രവർത്തനം ആരംഭിച്ചത്. |
| (ബി) ഏതൊക്കെ ട്രേഡുകളാണ് അവിടെ പഠിപ്പിക്കുന്നത്; *വിദ്യാർത്ഥികൾ,* അദ്ധ്യാപകർ എന്നിവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, *മെക്കാനിക്ക് ഡീസൽ എന്നീ* ട്രേഡുകളാണ് അവിടെ പഠിപ്പിക്കുന്നത്. ടി മൂന്നു ട്രേഡുകളിലുമായി 126 കുട്ടികൾ പഠിക്കുന്നു. ഇവർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഏഴ് ഇൻസ്ട്രക്ടർമാരും ഉണ്ട്. |
| (സി) ഈ സ്ഥാപനം സർക്കാർ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ ഇതിന്റെ മാസവാടക എത്ര രൂപയാണ്;<br><br>(ഡി) വാടക ഇനത്തിൽ ഇപ്പോൾ കുടിശ്ശിക ഉണ്ടോ, എങ്കിൽ എത്ര,<br><br>(ഇ) *ആരാണ് ഇതിന്റെ വാടകയും കുടിശ്ശി*കയും നൽകേണ്ടത്; വിശദാംശങ്ങൾ നൽകുമോ, | *(സി), (ഡി) & (ഇ)* ഗ്രാമപഞ്ചായത്ത് ഏർപ്പാടാക്കിയ കെട്ടിടത്തിലാണ് ടി ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ഐ.ടി.ഐ.യ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഗ്രാമപഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ. അതിൻ പ്രകാരം ഇത് സംബന്ധിച്ച എല്ലാ കാര്യങ്ങളും ഗ്രാമപഞ്ചായത്താണ് ചെയ്തുവരുന്നത്. |
| (എഫ്) *സ്ഥാപനത്തിന്റെ ഭൗതിക* സൗകര്യം വർദ്ധിപ്പിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികൾ ഇതുമായി ബന്ധപ്പെട്ട് കൈക്കൊള്ളും; വിശദാംശങ്ങൾ *ലഭ്യമാക്കാമോ?* | (എഫ്) *ഐ.ടി.ഐ. പ്രവർത്തിക്കുന്നത് ഗ്രാമപ*ഞ്ചായത്ത് ഒരുക്കിയ താൽക്കാലിക സംവിധാനത്തിലാണ്. നിലവിലുള്ള ട്രേഡുകൾക്ക് എൻ.സി.വി.റ്റി അഫിലിയേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി*ക്കാണ് പ്രഥമ പരിഗണന നൽകുന്നത്. ജല ലഭ്യത* വർദ്ധിപ്പിക്കുക, ടോയ്‌ലറ്റ് സൗകര്യം കാര്യക്ഷമമാക്കുക എന്നിവ പ്രാവർത്തികമാക്കാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ